വയനാട്	- 4
മലപ്പുറം	- 2
പാലക്കാട്	- 3
പത്തനംതിട്ട	- 4
ഇടുക്കി	- 5

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) വാടകയ്ക്ക് എടുത്തിട്ടുള്ള 201 വാഹനങ്ങൾ ഓടുന്നുണ്ട്. ഇവയ്ക്ക് ഒരു മാസം ശരാശരി പത്തൊൻപതു ലക്ഷം രൂപ ചെലവാകുന്നുണ്ട്.

110 (1019) കുന്നത്തുകാലിൽ കളക്ഷൻ സെന്റർ ആരംഭിക്കാൻ നടപടി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ പഞ്ചായത്തിൽ ഒരു കളക്ഷൻ സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കളക്ഷൻ സെന്റർ ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുന്നത്തുകാൽ പഞ്ചായത്തിൽ കളക്ഷൻ സെന്റർ 8-12-99-ൽ പ്രവർത്തനം ആരംഭിച്ചു. മാസത്തിൽ രണ്ടു ദിവസം ഈ സെന്ററിൽ കളക്ഷൻ സ്വീകരിക്കുന്നതാണ്.

111 (1020) ഒവൈദ്യുതി തട്ടിപ്പ്

ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്തെ ഐസ്പ്ലാന്റുകളിൽ സ്ഥാപിച്ചിരുന്ന മോട്ടോറുകളിൽ കപ്പാസിറ്റി കുറച്ച് കാണിക്കുന്ന വ്യാജ നെയിംപ്ലേറ്റുകൾ പതിപ്പിച്ച് കെ.എസ്.ഇ.ബി.യുടെ തുകയിലും കണക്ടഡ് ലോഡ് ചാർജ്ജിലും ക്രമക്കേടുകൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിഴിഞ്ഞം സബ് ഡിവിഷന് അനുവദിച്ചിട്ടുള്ള ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപഭോഗം കൂടുതലുള്ള ഐസ്പ്ലാന്റുകളിൽ സ്ഥാപിക്കാതെ താരതമ്യേന വൈദ്യുതി ഉപഭോഗം കുറവുള്ള സ്ഥാപനങ്ങളിൽ സ്ഥാപിച്ച് വിഴിഞ്ഞത്തെ ഐസ്പ്ലാന്റുകളിൽ നടക്കുന്ന വൈദ്യുതി ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനും ഇതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടിയെടുക്കുന്നതിനും തയ്യാറാകുമോ;

(സി) ഇവിടങ്ങളിൽ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി)വിഴിഞ്ഞം സെക്ഷനിൽ ഇപ്പോൾ ലഭിച്ചിട്ടുള്ള ഇലക്ട്രോണിക് മീറ്ററുകൾ കറന്റ് കപ്പാസിറ്റി കുറവായതിനാൽ ഐസ് പ്ലാന്റുകളിൽ സ്ഥാപിച്ചിട്ടില്ല. കപ്പാസിറ്റി കൂടിയ മീറ്ററുകൾ കിട്ടുന്ന മുറയ്ക്ക് എല്ലാ ഐസ് പ്ലാന്റുകളിലും മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

112 (1021) പള്ളിക്കരയിൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കരയിൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി)സർക്കാർ പ്രഖ്യാപിച്ച പുതിയ പവർ പോളിസി നടപ്പാക്കി കഴിഞ്ഞ ശേഷം പുതിയ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

113 (1022) കായംകുളത്ത് വൈദ്യുതി ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി

ശ്രീ.ജി. സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ സാമീപ്യവും 110 കെ.വി. സബ് സ്റ്റേഷന്റെ പ്രാധാന്യവും കണക്കിലെടുത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കായംകുളത്ത് ഒരു സർക്കിൾ ഓഫീസ് ആരംഭിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദവിവരങ്ങളും സ്വീകരിച്ച മേൽ നടപടികളും വ്യക്തമാക്കുമോ;

(ഡി) കായംകുളത്തെ ഒരു ഡിവിഷനായി ഉയർത്തുന്നതിന് ആവശ്യമായ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly